©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2015 മാർച്ച് 16<br>16th March 2015<br>1190 മീനം 2<br>2nd Meenam 1190<br>1936 ഫാൽഗുനം 25<br>25th Phalguna 1936 | നമ്പർ<br>No. | 556 |


## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 27/2015/തൊഴിൽ. *തിരുവനന്തപുരം, 2015 മാർച്ച് 7 / 1190 കുംഭം 23.*

**എസ്. ആർ. ഒ. നമ്പർ 130/2015.**—1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്ട് (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുവേണ്ടി, പ്രസ്തുത വകുപ്പ് പ്രകാരം 2014 മേയ് 19-ാം തീയതിയിലെ

16179/എച്ച്3/13/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം 2014 മേയ് 31-ാം തീയതിയിലെ 1391-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ കരട് പദ്ധതിയിൻമേൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുന്നതിന് താഴെ പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2015-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിയിലെ 4-ാം അദ്ധ്യായത്തിൽ 14-ാം ഖണ്ഡികയിലെ 4-ാം ഉപഖണ്ഡികയിൽ,—

(1) (i)-ാം ഇനത്തിലെ "60" എന്ന അക്കത്തിനുപകരം "120" എന്ന അക്കം ചേർക്കേണ്ടതാണ് ;

(2) (ii)-ാം ഇനത്തിലെ "60" എന്ന അക്കത്തിനുപകരം "120" എന്ന അക്കം ചേർക്കേണ്ടതാണ് ;

(3) (iii)-ാം ഇനത്തിലെ "120" എന്ന അക്കത്തിനുപകരം "250" എന്ന അക്കം ചേർക്കേണ്ടതാണ് ;

(4) (iv)-ാം ഇനത്തിലെ "120" എന്ന അക്കത്തിനുപകരം "250" എന്ന അക്കം ചേർക്കേണ്ടതാണ് ;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ടോം ജോസ്,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിയിലെ 14-ാം ഖണ്ഡിക (4)-ാം ഉപഖണ്ഡിക പ്രകാരം തൊഴിൽദായകർ ഒടുക്കേണ്ട അംശദായ തുക യഥാക്രമം അറുപത് രൂപയും നൂറ്റിഇരുപത് രൂപയുമാണ്. പ്രസ്തുത അംശദായ നിരക്ക് കാലോചിതമായി പരിഷ്കരിക്കുന്നതിനായി പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടത്, 2015.